"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലിരിക്കെ വിരമിച്ച ശ്രീ. കെ.എൻ. സാനു അവധിയ്ക്കുശേഷം അനധികൃതമായി സേവനത്തിൽ പ്രവേശിക്കാതിരുന്ന കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേസസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2868/2025/LSGD തീയതി,തിരുവനന്തപുരം, 24-11-2025

---

പരാമർശം:-

1. കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. കെ.എൻ. സാനുവിനുവേണ്ടി ടിയാന്റെ പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ. അജിത്കുമാർ സമർപ്പിച്ച 06.02.2025 തീയതിയിലെ അപേക്ഷ.
2. തദ്ദേശസ്വയംഭരണപ്രിൻസിപ്പൽ ഡയറക്ടറുടെ 08.08.2025 തീയതിയിലെ LSGD/PD/64/2023-DEB5 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. കെ.എൻ. സാനു 01.04.2004 മുതൽ 31.05.2019 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച് ഓസ്ട്രേലിയയിൽ താമസിച്ചിരുന്നതും തുടർന്ന് കോവിഡ്-19 പാൻഡെമിക് മൂലമുണ്ടായ സാഹചര്യങ്ങൾ കാരണം ഓസ്ട്രേലിയൻ അധികൃതരുടെ അനുമതി ലഭിക്കാത്തതിനാലും, യാത്രാ സൗകര്യം ഇല്ലാത്തതിനാലും അദ്ദേഹത്തിന് ഇന്ത്യയിലേക്ക് മടങ്ങാനും 01-06-2019 ന് വീണ്ടും ജോലിയിൽ പ്രവേശിക്കാനും കഴിഞ്ഞില്ലായെന്നും, 01-06-2019 മുതൽ 31-05-2020 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനും, യോഗ്യതാ സേവനം അനുസരിച്ച് പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും ഒരു പ്രത്യേക കേസായി അനുവദിക്കണമെന്നും പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 2 റിപ്പോർട്ട് പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.06.2019 ലാണ് ശ്രീ. കെ.എൻ. സാനു സർവ്വീസിൽ പുനഃപ്രവേശിക്കേണ്ടിയിരുന്നത്. ആ സമയത്ത് കോവിഡ് സാഹചര്യം നിലവിലുണ്ടായിരുന്നില്ല. എന്നാൽ അപേക്ഷകൻ ബോധപൂർവ്വം നേരിട്ട് നിയമനാധികാരി മുമ്പാകെ ഹാജരാകുകയോ സർവ്വീസിൽ പുനഃപ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിരുന്നില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ജീവനക്കാരനെതിരെ യഥാസമയം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതായിരുന്നു. എന്നാൽ അനധികൃതഹാജരില്ലായ്മയിൽ തുടരവേ ശ്രീ. കെ.എൻ. സാനു

31.05.2020 ന് സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതാണ്.

3. മേൽ സാഹചര്യത്തിൽ 01.04.2004 മുതൽ 31.05.2019 വരെ ശൂന്യവേതനാവധിയിൽ ആയിരുന്ന ശ്രീ. കെ.എൻ. സാനു, സേവനത്തിൽ നിന്ന് വിരമിക്കുന്ന 31.05.2020 വരെ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് നേരിട്ട് നിയമനാധികാരി മുമ്പാകെ ഹാജരാകുകയോ അപേക്ഷ സമർപ്പിക്കുകയോ ചെയ്തിരുന്നില്ലെന്നതിനാൽ, ഡ്യൂട്ടിയിൽ നിന്നും ബോധപൂർവ്വം വിട്ടുനിൽക്കുന്നത് വളരെ ഗൗരവമേറിയ പെരുമാറ്റ ദൂഷ്യമായി കണക്കാക്കി സംതൃപ്തികരമല്ലാത്ത സർവ്വീസിന്റെ വെളിച്ചത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 59 (d) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്ന വ്യവസ്ഥയോടെ, കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലിരിക്കെ വിരമിച്ച ശ്രീ. കെ.എൻ. സാനുവിന്റെ 01-06-2019 മുതൽ 31-05-2020 വരെ അനധികൃത ഹാജരില്ലായ്മകാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. കെ.എൻ. സാനു, റിട്ട.ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ , കൊച്ചി നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

സെക്ഷൻ ഓഫീസർ

Date: 24-11-2025 13:41:07